# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3935 — 24/06/2014-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ ആദിവാസികൾക്ക് ഭൂമി വാങ്ങൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വി. ശ്രേയാംസ് കുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിന് ഭൂമി വാങ്ങുന്നതിനായി 50 കോടി രൂപ അനുവദിച്ചിരുന്നുവോ; എന്നാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | എ | 08.02.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 09/10/പജപവവിവ. പ്രകാരം വയനാട് ജില്ലയിൽ ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ അനുസരിച്ച് ഭൂമി വാങ്ങി നൽകുന്നതിന് വയനാട് ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് 2010-11, 2011-12 വർഷങ്ങളിലായി യഥാക്രമം 40 കോടി, 10 കോടി എന്നിങ്ങനെ ആകെ 50 കോടി രൂപ അനുവദിച്ചിരുന്നു. |
| ബി) | പ്രസ്തുത തുക ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനായി സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി | സർക്കാർ അന്ന് ഉദ്ദേശിച്ച രീതിയിൽ സാധിച്ചിട്ടില്ല. പക്ഷെ 03.09.2013 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 68/2013/പജപവവിവ, 23.10.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 84/2013/പജപവവിവ എന്നിവ പ്രകാരം ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും 10 ലക്ഷം രൂപയിൽ അധികരിക്കാതെ ചെലവഴിച്ച് ഭൂമി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത 50 കോടി രൂപ കൂടി വിനിയോഗിച്ചുകൊണ്ട് ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് പുതിയ പദ്ധതിപ്രകാരം ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന നടപടി പുരോഗമിച്ചുവരുന്നു. |
| സി) | ഭൂമി വാങ്ങുന്നതിന് സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | സി | വയനാട് ജില്ലയിൽ പുനരധിവാസത്തിന് അനുയോജ്യമായ സ്വകാര്യ ഭൂമി ഒന്നിച്ച് ലഭിക്കാത്തതിനാൽ ഫാസ്റ്റ്ട്രാക്ക് പ്രൊസീഡിയർ അനുസരിച്ച് സ്വകാര്യ ഭൂമി വാങ്ങി നൽകുന്നതിന് സാധിച്ചിട്ടില്ല. അതേ സമയം പുതിയ പദ്ധതി പ്രകാരം ഇതേ ഫണ്ട് ഉപയോഗിച്ച് ഇതുവരെ വയനാട് ജില്ലയിൽ 49 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 20.5 ഏക്കർ ഭൂമി വിലയ്ക്കുവാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 950 അപേക്ഷകളിൽ ഭൂവില നിശ്ചയിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ